നീര ഉല്പാദനത്തിന് ലൈസൻസ്

120 (3088) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നീര ഉല്പാദനത്തിന് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണ് ;

(ബി) ഇത് സംബന്ധിച്ച് അവ്യക്തതകൾ നിലനില്ക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) കേര കർഷകർ ചേർന്ന് രൂപികരിച്ചിട്ടുള്ള ഫെഡറേഷനുകൾ നീര ബോർഡിൽ ലൈസൻസിനായി അപേക്ഷിച്ചിട്ടുണ്ടോ ; ലൈസൻസ് നൽകുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ലൈസൻസിനായി പ്രസ്തുത ഫെഡറേഷൻ നീര ബോർഡിന് അല്ലാതെ മറ്റ് ഏതെങ്കിലും ഏജൻസിക്ക് അപേക്ഷ നൽകേണ്ടതുണ്ടോ ;

(ഇ) ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) നീര ഉല്പാദനവുമായി ബന്ധപ്പെട്ട് തെങ്ങു ചെത്തുന്നതിനുള്ള ലൈസൻസ് നൽകുന്നത് അതാത് പ്രദേശത്തെ എക്സൈസ് അധികാരിയും നീരയും അനുബന്ധ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അനുമതി നാളികേര നീര ബോർഡുമാണ് നൽകുന്നത്.

(ബി) ലൈസൻസ് നൽകുന്നത് സംബന്ധിച്ച് അവ്യക്തതകൾ ഒന്നും തന്നെയില്ല. നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസ് ലഭിക്കുന്നതിനായി ഇതിനായി തയ്യാറാക്കിയ നബന്ധനൾക്കനുസൃതമായി വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം നാളികേര-നീര ബോർഡിന് അപേക്ഷ നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20-1-2015-ന് ചേർന്ന നാളികേര-നീര ബോർഡ് യോഗത്തിൽ നീര ഉല്പാദനത്തിനുള്ള അനുമതിക്കായി ലഭിച്ച 16 അപേക്ഷകൾ പരിശോധിക്കുകയും എന്നാൽ അപേക്ഷകളൊന്നിലും വേണ്ടത്ര വിവരങ്ങൾ ഇല്ലാത്തതിനാൽ നീര ഉല്പാദനത്തിനായി അപേക്ഷിക്കുന്നവർ ഇതിനായി തയ്യാറാക്കിയ നിബന്ധനകൾക്ക് അനുസൃതമായ വിശദമായ ബാങ്കബിൾ പ്രോജക്ട് റിപ്പോർട്ട് സഹിതം അപേക്ഷിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത വിവരം അപേക്ഷകരെ അറിയിച്ചിട്ടുമുണ്ട്.

(ഡി&ഇ) നീര ഉല്പാദനത്തിനും വിപണനത്തിനുമുള്ള ലൈസൻസിനായി നാളികേര-നീര ബോർഡിനാണ് അപേക്ഷ നൽകേണ്ടത്. ലൈസൻസ് നല്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല.

വർഷകാല നാശനഷ്ടങ്ങൾ

121 (3089) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോട് വർഷകാലങ്ങളിൽ കവിഞ്ഞൊഴുകി വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനു, ഈ ജലം പ്രസ്തുത പഞ്ചായത്തുകളിലെ ജലസേചനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമായി കപ്പത്തോട്ടിലെ കളവാഴകൾ നീക്കം ചെയ്ത് ആഴം കൂട്ടി വശങ്ങൾ കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി വിശദമായ റിപ്പോർട്ടും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിനായി കെ.എൽ.ഡി.സി.-യോടു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ കെ.എൽ.ഡി.സി. സ്വീകരിച്ചിട്ടുണ്ടോ ;

(സി) അടിയന്തരമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതിക്കായി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly